**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4361** **18-07-2022 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക സഹകരണ സംഘങ്ങൾ വഴി സ്വർണ്ണ പണയ കാർഷിക വായ്പ അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങൾ വഴി ലഭിച്ച് കൊണ്ടിരുന്ന സ്വർണ്ണ പണയ കാർഷിക വായ്പ നിർത്തി വെച്ചത് കാരണം സാധാരണക്കാരും കർഷകരും അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് വീണ്ടും ലഭ്യമാകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന സ്വർണ്ണ പണയ കാർഷിക വായ്പ അനുവദിക്കുന്നതി ലേക്കായി സംഘങ്ങൾ ആവശ്യപ്പെടുന്ന തനുസരിച്ച് നബാർഡിൽ നിന്നും കേരള ബാങ്ക് പുനർ വായ്പ എടുത്ത് സംഘങ്ങൾക്ക് അനുവദിച്ച് പോരുന്നുണ്ട്. |
| (ബി) | കേരള ബാങ്ക് ശാഖകൾ മുഖേന സ്വർണ്ണപ്പണയ കാർഷിക വായ്പ അനുവദിക്കുന്നുണ്ടെങ്കിലും പ്രധാന മെമ്പർമാരായ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പ്രസ്തുത വായ്പ നൽകുന്നതിനുള്ള ഫണ്ട് അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഫണ്ട് അനുവദിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (ബി) | ഇല്ല. പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങൾക്ക് അനുവദിച്ച് നൽകുന്ന എല്ലാ കാർഷിക സ്വർണ്ണ പണയ വായ്പകൾക്കും പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന സഹകരണ ബാങ്ക് പുനർവായ്പ അനുവദിച്ച് നൽകി വരുന്നു. |
| (സി) | നിർധനരായ കർഷകർക്ക് വളരെയധികം പ്രയോജനപ്പെടുന്ന പ്രസ്തുത വായ്പയ്ക്ക് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ? | (സി) | പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും കർഷകർക്ക് അനുവദിച്ച് വരുന്ന കാർഷിക വായ്പകൾക്ക് പുനർ വായ്പ ലഭിക്കുന്നതിനുള്ള അപേക്ഷ സംഘം സമർപ്പിക്കുന്ന മുറയ്ക്ക് ആവശ്യാനുസരണം പുനർവായ്പ കേരള ബാങ്ക് ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ